ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വരൾച്ചമൂലം കണ്ണൂർ ജില്ലയിൽ ഉണ്ടായ കൃഷിനാശം

89 [2058] ശ്രീ. എം. വി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ വരൾച്ചയിൽ കണ്ണൂർ ജില്ലയിൽ കൃഷിക്കാർക്കുണ്ടായ നഷ്ടം എത്രയുണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കൃഷി നശിച്ചിട്ടുള്ള കർഷകർക്കു സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ധനസഹായം കർഷകർക്കു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കഴിഞ്ഞ വരൾച്ചയിൽ കണ്ണൂർ ജില്ലയിൽ 1858 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും 790 ഹെക്ടർ സ്ഥലത്തെ കൃഷി ഭാഗികമായും നശിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. ഇതിനു 22.67 കോടി രൂപയുടെ നഷ്ടമുണ്ടായതായും കണക്കാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. 82.27 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

കാസർഗോഡ് ജില്ലയിൽ കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദനം

90 [2059] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി ഇപ്പോൾ എത്ര ഹെക്ടർ വരെ സ്ഥലമുള്ളവർക്കാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് വൈദ്യുതി ബോർഡിന് എത്ര രൂപ കുടിശ്ശികയിനത്തിൽ നൽകാനുണ്ട്;

(സി) കൃഷിവകുപ്പ് ഈ തുക അടയ്ക്കാത്തതുമൂലം കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ വൈദ്യുതി വകുപ്പ് വിച്ഛേദിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാതിരിക്കുന്നതിന് കൃഷി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly